# യോഹ 2: 1–11

ജനു 31: ദനഹാ നാലാം ഞായർ

## യോഹ 2:1–11

### I. സന്ദർഭം

യോഹന്നാന്റെ സുവിശേഷം ഒന്നാം അധ്യായത്തിൽ നാം കാണുന്നത് യേശു ആദ്യശിഷ്യരെ വിളിക്കുന്ന രംഗങ്ങളാണ്. ആ ശിഷ്യർക്കു മുന്നിൽ, തന്റെ മഹത്വം വെളിപ്പെടുത്തിക്കൊണ്ട് യേശു പ്രവർത്തിക്കുന്ന ആദ്യത്തെ അത്ഭുതമാണ് ഇന്നത്തെ സുവിശേഷം വിവരിക്കുന്നത്.

### II. പ്രമേയം

പരസ്യജീവിതത്തിന്റെ ആരംഭത്തിൽത്തന്നെ യേശു പ്രവർത്തിക്കുന്ന ആദ്യത്തെ അത്ഭുതമെന്ന നിലയ്ക്ക് ഇതിന് കൂടുതൽ പ്രാധാന്യമുണ്ട്. വരാനിരിക്കുന്ന മിശിഹായുടെ കാലഘട്ടം അതിസമൃദ്ധിയുടെ കാലഘട്ടമായിരിക്കുമെന്ന് യഹൂദർ പ്രതീക്ഷിച്ചിരുന്നു (ആമോസ് 9, ). കൂടുതൽ നല്ല വീഞ്ഞ് അതിസമൃദ്ധമായി പ്രദാനം ചെയ്തതുവഴി, യഹൂദജനം പ്രതീക്ഷിച്ചിരുന്ന മിശിഹാ താൻതന്നെയാണെന്ന് യേശു വെളിപ്പെടുത്തുകയാണിവിടെ.

### III. സന്ദേശം

1. യേശുക്രിസ്തുവഴി കൈവന്ന കൃപയുടെ (1:17) കുത്തൊഴുക്കിന്റെ അടയാളമാണ് കാനായിലെ കല്ല്യാണവിരുന്നിൽ സംഭവിച്ചത്. അതിനു സാക്ഷ്യം വഹിക്കാൻ പരി. കന്യാമറിയവും സന്നിഹിതയായിരുന്നു. മറിയത്തിന്റെ ഇടപെടലാണ് ആദ്യത്തെ അത്ഭുതത്തിന് അവസരമൊരുക്കിയത്. യേശുവിന്റെ പക്കലെത്തി, “അവർക്കു വീഞ്ഞില്ല” എന്ന് മറിയം അറിയിച്ചുവെങ്കിൽ, നമ്മുടെ കുറവുകളും ഇല്ലായ്മകളും വല്ലായ്മകളും ആവശ്യങ്ങളുമെല്ലാം കാണുന്ന അവളുടെ കരുണയുടെ കണ്ണുകൾ നമ്മുടെമേലും ഉണ്ട് എന്നത് അത്യധികമായ ആശ്വാസമാണ് നമുക്ക് നല്കുന്നത്. നാം പോലുമറിയാതെ നമ്മുടെ ആവശ്യങ്ങൾ ദൈവസന്നിധിയിൽ അറിയിച്ച് നമ്മുടെ ജീവിതത്തിൽ ദൈവിക ഇടപെടലിനു വഴിയൊരുക്കുന്നവളാണു മറിയം.

2. അവൻ പറയുന്നതു ചെയ്യുക: കല്ല്യാണവീട്ടിലെ കുറവു തിരിച്ചറിഞ്ഞ മറിയം അതു പരിഹരിക്കാൻ തന്റേതായ ചില നിർദ്ദേശങ്ങളുമായിട്ടല്ല യേശുവിന്റെ അടുക്കലെത്തുന്നത്. അവൾ പ്രശ്നം അവതരിപ്പിക്കുന്നത് മാത്രമേയുള്ളൂ. ഉചിതമായ പരിഹാരം യേശുതന്നെ കണ്ടെത്തുമെന്ന് അവൾ വിശ്വ

സിച്ചു. പലപ്പോഴും പരിഹാരമാർഗങ്ങൾ ദൈവത്തിനു പറഞ്ഞു കൊടുക്കാൻ തയ്യാറായാണ് നാം ദൈവസന്നിധിയിൽ എത്തുന്നത്. മറിയത്തെപ്പോലെ ദൈവത്തിന്റെ വഴികളോടു പൂർണ്ണമായും തുറവി പുലർത്താൻ നമുക്കും സാധിക്കണം.

3. "അവൻ പറയുന്നത് നിങ്ങൾ ചെയ്യുവിൻ" എന്നത് സുവിശേഷത്തിൽ മറിയം പറയുന്ന അവസാന വാക്കുകളാണ്. നമ്മുടെ ജീവിതപ്രശ്നങ്ങൾക്കു മറിയം നിർദ്ദേശിക്കുന്ന ഒറ്റമൂലിയും അതുതന്നെ. യേശു പറയുന്ന വചനം പാലിക്കുക എന്നതാണ് നമ്മുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള എളുപ്പവഴി. മറിയം പറഞ്ഞത് വെറും ഭംഗി വാക്കായിരുന്നില്ല സ്വന്തം ജീവിതത്തിൽ അയാൾ പാലിച്ച ജീവിത തത്വവും അതുതന്നെയായിരുന്നു. "നിന്റെ വാക്കുപോലെ എന്നിൽ ഭവിക്കട്ടെ" (ലൂക്കാ 1:38).

**ഡോ. ജേക്കബ് ചാണിക്കുഴി**

# പ്രസംഗം:
# ദൈവമുണ്ടെങ്കിൽ...

കർഷകൻ, പാടത്തെ പണി കഴിഞ്ഞ് വീട്ടിലേക്ക് നടക്കുമ്പോൾ, വഴിയരികിൽ മുഷിഞ്ഞ വസ്ത്രം ധരിച്ച് വിഷമിച്ചിരിക്കുന്ന ഒരു മനുഷ്യനെ കാണുന്നു. ഉള്ളിൽ തട്ടിയ നൊമ്പരത്തോടെ കർഷകൻ ആ മനുഷ്യനെ സമീപിച്ച് ആരാഞ്ഞു, "സഹോദരാ, നീ എന്താണിങ്ങനെ വിഷമിച്ചിരിക്കുന്നത്?" ആ മനുഷ്യൻ കൃഷിക്കാരന്റെ മുഖത്തേക്ക് ദൈന്യതയോടെ നോക്കിയപ്പോൾ കൃഷിക്കാരൻ ചിലതൊക്കെ ഊഹിച്ചിട്ട് പറഞ്ഞു, "എന്നോടൊപ്പം വീട്ടിലേക്ക് വന്നോളൂ, ഞാൻ ദരിദ്രനാണെങ്കിലും, നിന്റെ വിശപ്പടക്കാനുള്ള ഭക്ഷണം എന്റെ വീട്ടിലുണ്ടാകും. "ഒന്നും ഉരിയാടാതെ ആ മനുഷ്യൻ കർഷകനെ അനുഗമിച്ചു. വീട്ടിലെത്തിയപ്പോൾ കർഷകൻ ഭാര്യയോടു പറഞ്ഞു, "ഇന്ന് നമുക്കൊരു അതിഥിയുണ്ട് ഒരുപാത്രത്തിൽ കൂടെ ചോറ് വിളമ്പ്." ഭാര്യ പാത്രങ്ങളിൽ ചോറ് വിളമ്പി വച്ചു. കർഷകൻ അതിഥിയെ വിളിച്ചിരുത്തി വയറ് നിറയെ തീറ്റിച്ചു. സംതൃപ്തനായ അതിഥി കീശയിൽ നിന്നും ഒരു പൊതിയെടുത്ത് പുഞ്ചിരിയോടെ കൃഷിക്കാരന്റെ മുന്നിലേക്ക് നീട്ടികൊണ്ടു പറഞ്ഞു, "ഇതാ, ഇതൊരു രത്നമാണ്, ഇത് വിറ്റ് സന്തോഷമായി ജീവിച്ചോളൂ."

ആതിഥേയൻ ഒന്നും മിണ്ടാനാകാതെ അന്ധാളിച്ച് നിൽക്കുമ്പോൾ, ആ മനുഷ്യൻ ശാന്തനായി പടിയിറങ്ങി കൺമുമ്പിൽ നിന്നും മറഞ്ഞു. കർഷകൻ ആത്മഗതം ചെയ്തു, 'സമ്പന്നനായ ദരിദ്രൻ..."

നമ്മുടെ ചെറിയ വിഭവങ്ങളിൽ നിന്നുപോലും അപരന് കൊടുക്കുമ്പോൾ, വിളമ്പിയതിനേക്കാൾ വലിയ അളവിൽ നമുക്ക് കിട്ടുന്നു. കുറവിൽ നിന്നു

കൊടുത്തപ്പോൾ പോലും കുറവുകൾക്ക് മീതേ കൂടുതലുണ്ടാകുന്നു. നാമെത്ര സമ്പന്നരായിരുന്നാലും ദരിദ്രരായിരുന്നാലും സകല സന്ദർഭങ്ങളിലും ദൈവത്തെ ക്ഷണിക്കുമ്പോൾ നാം ഏറെ അനുഗ്രഹിക്കപ്പെട്ടുകൊണ്ടിരിക്കും.

കാനായിലെ കല്ല്യാണവിരുന്നിൽ നിന്നും നമുക്കിത് വ്യക്തമാകുന്നു. ഈശോയുടെയും മറിയത്തിന്റെയും സാന്നിദ്ധ്യംകൊണ്ട് ശ്രദ്ധേയമായ വിവാഹമാണ് കാനായിലെ കല്ല്യാണം.

സമൂഹത്തിൽ നാമെത്ര അവഗണിക്കപ്പെട്ടവരും ആലംബഹീനരും ആണെങ്കിലും, ഈശോയെ എല്ലാ കാര്യങ്ങളിലും കൂടെ കൂട്ടാൻ മനസ്സാകണം. ആത്മനൊമ്പരമുണ്ടാകുമ്പോഴും ആഘോഷമുണ്ടാകുമ്പോഴും ദൈവത്തെക്കുറിച്ചുള്ള ചിന്ത ഉണ്ടായിരിക്കണം. ആഘോഷങ്ങളുടെ മഹത്വം അടങ്ങിയിരിക്കുന്നത് നാം വിളമ്പുന്ന ഭക്ഷണത്തിന്റെ വൈപുല്യത്തിലോ, ധരിക്കുന്ന വസ്ത്രത്തിന്റെ പകിട്ടിലോ, ആഭരണങ്ങളുടെ തിളക്കത്തിലോ, അലങ്കാരങ്ങളുടെ ആധിക്യത്തിലോ അല്ല, നാം ക്ഷണിക്കുന്ന ദൈവസാന്നിധ്യത്തിലാണ്.

കരുതിവച്ചിരുന്ന വീഞ്ഞു തീർന്നതോടുകൂടി ഒരു വലിയ അപര്യാപ്തത ഉണ്ടാകുന്നു. ഇത് നികത്തുന്നതിനുവേണ്ടി ശൂന്യമായ ഭരണികളിൽ വെള്ളം നിറയ്ക്കാൻ യേശു ആവശ്യപ്പെട്ടു. അത് വക്കോളം നിറയ്ക്കപ്പെട്ടു. ദൈവത്തിന്റെ കൃപ ആവോളം ആസ്വദിക്കുന്നതിനുവേണ്ടിയാണ് ഭരണികൾ വക്കോളം നിറയ്ക്കപ്പെട്ടത്. തുടർന്ന് സന്തോഷത്തിന്റെ സമൃദ്ധിയുണ്ടാകുന്നു. മനുഷ്യൻ ദൈവകല്പന പാലിച്ചപ്പോൾ അത്ഭുതമുണ്ടായി. ശൂന്യത ജീവിതത്തിൽ ഉണ്ടാകാം, എന്നാൽ ദൈവം അടുത്തുണ്ടാകുകയും, ദൈവത്തോട് ആവശ്യപ്പെടുകയും ചെയ്യുമ്പോൾ ശൂന്യതയുടെ ദൈർഘ്യം നിലയ്ക്കുന്നു. അപര്യാപ്തത ദൈവത്തിനു ഇടപെടാനുള്ള സാധ്യതയാണ്. നാം നമ്മുടെ ജീവിതവീഥിയിലേക്ക് ദൈവത്തെ ക്ഷണിക്കുകയും, ദൈവത്തെ അനുസരിക്കുകയുമാണ് വേണ്ടത്. രോഗങ്ങളുടെ വൈകല്യങ്ങളും കടക്കെണികളും ഉണ്ടാകാം, അപ്പോൾ ദൈവത്തെ വിളിക്കുക. വിളികേട്ടനുഗ്രഹിക്കുന്നവനാണ് ദൈവം. കാനായിലെ കല്ല്യാണത്തിന് ഈശോയുടെ സാന്നിധ്യം ഉണ്ടായതുകൊണ്ടണല്ലോ അത് അവസാന നിമിഷം കൂടുതൽ സമ്പുഷ്ടമായത്.

സാധാരണഗതിയിൽ വിരുന്നുശാലകളിൽ ഭക്ഷണപാനീയങ്ങൾ തീർന്നുപോകുമ്പോൾ ആതിഥേയന് നാണക്കേടും ആകുലതകളും ഉണ്ടാകുന്നു. എന്നാൽ ഇവിടെയാകട്ടെ, ആഘോഷം അതിസമൃദ്ധമാകുകയും ആതിഥേയന്റെ സംതൃപ്തി നൂറ് മടങ്ങ് വർധിക്കുകയും ചെയ്തു. ആഘോഷത്തിൽ പങ്കുപറ്റാൻ അനേകം സാധാരണക്കാരോടൊപ്പം പന്തി പങ്കിടാൻ ഈശോയും മറിയവും ഉണ്ടായിരുന്നതാണ് കാരണം.

ദൈവത്തിൽ വിശ്വസിച്ചുകൊണ്ട്, ദൈവാവബോധത്തിൽ എല്ലായ്പ്പോഴും ജീവിക്കുമ്പോൾ, ദാരിദ്ര്യത്തിന്റെയും ബലഹീനതയുടെയും പേരിൽ നാമാരെയും അകറ്റിനിർത്തില്ല. എല്ലാവരെയും സ്നേഹിക്കുന്നതും അംഗീകരിക്കു

Date of Publication: 13 Dec 2015 / Rs. 25/ Karunikan RNI No. KERMAL/2007/19623.
Registration No.KL/EKM/ 729/ 2015-17, KL/CR/EKM/WPP 08/2015-2017 (Total-100 Page)

ന്നതും ദൈവത്തെ സ്നേഹിക്കലും അംഗീകരിക്കലുമാണ്. പ്രാർത്ഥന നിറഞ്ഞ മനസ്സും കല്പനകൾ പാലിക്കാനുള്ള പരിശ്രമവുമുണ്ടെങ്കിൽ ജീവിതത്തിൽ ദൈവത്തിന് ഇടപെടാൻ സാധ്യതകൾ കൂടുതലാണ്.

ദൈവത്തെ ഇഷ്ടപ്പെടുകയും ക്ഷണിക്കുകയും ചെയ്യുന്നവന്റെ ജീവിതത്തിലും കുറവുകളും ഗുരുതരമായ പ്രശ്നങ്ങളും ഉണ്ടാകും. അപ്പോഴൊക്കെ തളർന്നുപോകാതെ ദൈവത്തിൽ കുറ്റം ആരോപിക്കാതെ, പ്രത്യാശയെ ദൃഢമാക്കാൻ ശ്രമിക്കണം. കുറവുകളും കുരിശുകളുമാണ് ദൈവത്തിന് പെട്ടെന്ന് കടന്നു വരാനുള്ള വാതിലുകൾ. അരുതാത്ത പലതും ഉള്ളിൽ കുത്തിനിറച്ചിട്ടുണ്ടെങ്കിൽ ദൈവസാന്നിധ്യ സാധ്യതയെ അത് ഞെരുക്കിക്കളയുന്നു. നിന്നിലെ ഒഴിഞ്ഞ കൽഭരണികളെ ദൈവത്തിന്റെ മുന്നിലേക്ക് നീക്കി വയ്ക്കുക, എന്നിട്ട് ദൈവമനസ്സിനനുസരിച്ച് നിന്റെ മനസ്സിനെ അതിലേക്കൊഴുക്കുക, അത്രയും കാര്യങ്ങൾ നിന്റെ ഭാഗത്തുനിന്നുണ്ടാകുമ്പോൾ, ദൈവം നിന്റെ മനസ്സിന് മധുരിക്കുന്ന ഭാവഭേദമുണ്ടാക്കും. ഒഴിഞ്ഞ കൽഭരണിയുടെ രൂപത്തിൽ ഹൃദയത്തിൽ ചില ഇടങ്ങൾ, ആരെയും സ്വീകരിക്കാനും ഒരുക്കി വച്ചിരിക്കണം. ആകുലതകളും മുറിവുകളും ഉണ്ടാകുമ്പോൾ, ദൈവത്തിനിരിക്കാൻ അതൊരു ഇടമാകും. ദൈവം, തൊട്ട് വിരുന്നും വഴികളും വിപുലമാകട്ടെ.

ദൈവത്തിനുള്ള ഇരിപ്പിടം തയ്യാറാക്കിവച്ചിട്ട്, ഏത് ആഘോഷങ്ങളും നടത്തുമ്പോൾ, അത് അന്വർത്ഥമാണ്. നിന്റെ ആഘോഷങ്ങളിലും ആകുലതകളിലും ദൈവമുണ്ടെന്നറിയുന്നതാണ് നിന്റെ ശ്രേഷ്ഠത. ഏത് ഉന്നതരുടെ സാന്നിധ്യമുണ്ടായാലും ദൈവസാന്നിധ്യമില്ലെങ്കിൽ എന്തും പരിതാപകരം, കാനായിലെ കല്ല്യാണത്തിലെ കാര്യസ്ഥന്മാർ നമുക്കൊരു മാതൃകയാണ്. ഈശോയെ അവർ ക്ഷണിച്ചതിനാൽ, ഈശോയേയും, അവന്റെ മഹത്വത്തെയും അവർക്ക് ദർശിക്കാനായി, കണ്ടറിഞ്ഞ് കാരുണ്യം ചൊരിയുന്ന കർത്താവ് എല്ലാ കാര്യത്തിലും ഇടപെടാൻ നമ്മുടെ ഹൃദയത്തിന്റെ വാതായനങ്ങൾ ഈശോയ്ക്ക് വേണ്ടിയും എളിയവർക്ക് വേണ്ടിയും തുറന്നിടാം. ക്ഷണിക്കപ്പെട്ടവർ ആരും വന്നില്ലെങ്കിലും ക്ഷണിക്കപ്പെട്ട ഈശോ വന്നിരിക്കും. എല്ലാവരുമുണ്ടായിട്ടും ഈശോ ഇല്ലെങ്കിലോ, അതല്ലേ ഏറ്റവും വലിയ ശൂന്യത.

**ഫാ. ജോയി. ജെ. കപ്പൂച്ചിൻ**

*Printed, Published, Edited by Fr. Jacob Naluparayil, MCBS House, Perumanoor P.O, Kochi -15, Printed at Viani Printings, Kochi - 18*